**Rs. 20/-** Keraleeyam 2011 April

Registered KL/CR/TCR/353/2009-11
Posted at Thrissur RMS/2 on 20&21/04/2011



കാസർഗോഡ് മൂളിയാറിലെ ഏട്ടു വയസുകാരി സപ്നം. ബോവിക്കാനത്ത് നടന്ന മെഡിക്കൽ ക്യാമ്പിൽ നിന്നുള്ള ദൃശ്യം. ഫോട്ടോ : അജിലാൽ

**എൻഡോസൾഫാൻ ഉൾപ്പെടെയുള്ള മാരക കീടനാശിനികൾ ഇന്ത്യ നിരോധിക്കുക**

**2011 എപ്രിൽ 25ന് സ്റ്റോക്ഹോമിൽ നടക്കുന്ന കൺവെൻഷനിൽ ഇന്ത്യ എൻഡോസൾഫാനെതിരെ വോട്ട് ചെയ്യുക**

# 'എൻഡോസൾഫാൻ പോലുള്ള വിഷത്തിന് കൃഷിയിൽ സ്ഥാനമില്ല'

**എൻഡോസൾഫാൻ** നിരോധിക്കണമെന്നാവശ്യപ്പെട്ട് എൻഡോസൾഫാൻ വിരുദ്ധ സമിതി ഏപ്രിൽ 17ന് കാസർക്കോട് ദേശീയ കൺവെൻഷൻ സംഘടിപ്പിച്ചു. എൻഡോസൾഫാൻ പോലുള്ള വിഷത്തിന് കൃഷിയിൽ സ്ഥാനമില്ലെന്നും കീടനാശിനികൾ ഒട്ടനേകം സഹായകമായ ജീവജാലങ്ങളെ അത് നശിപ്പിക്കുമെന്നും കൺവെൻഷൻ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിച്ച വന്ദനശിവ പറഞ്ഞു. എൻഡോസൾഫാൻ നിരോധിക്കേണ്ടതില്ലെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതായി പറഞ്ഞ് കേന്ദ്ര കൃഷിമന്ത്രി ശരദ് പവാർ പാർലമെന്റിനെ തെറ്റിദ്ധരിപ്പിക്കുകയാണെന്നും എൻഡോസൾഫാൻ കമ്പനിയിൽ നിന്നും കൈക്കൂലി വാങ്ങിയ കേന്ദ്രമന്ത്രി ശരദ് പവാർ രാജിവെക്കണം. എൻഡോസൾഫാന് അനുകൂല നിലപാട് സ്വീകരിക്കുന്ന ശരദ് പവാറാണ് ഏറ്റവും വലിയ അഴിമതി നടത്തിയിരിക്കുന്നത്. ക്രിക്കറ്റിനോട് പവാർ കാണിക്കുന്ന ആവേശം ജനങ്ങളോട് കാണിക്കേണ്ടിയിരിക്കുന്നു. ക്രിക്കറ്റിന് നൽകുന്ന നികുതിയിളവിന് തുല്യമായ തുകയെങ്കിലും എൻഡോസൾഫാൻ ഇരകൾക്ക് നൽകണമെന്നും അവർ പറഞ്ഞു. എൻഡോസൾഫാന് അനുകൂലമായി സംസാരിക്കുന്ന നേതൃത്വങ്ങളെയും ശാസ്ത്രജ്ഞരേയും ഉദ്യോഗസ്ഥരെയും പൊതുസമൂഹം ബഹിഷ്കരിക്കണമെന്ന് കൺവെൻഷൻ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു. ജനീവയിൽ എൻഡോസൾഫാനെതിരെ ഇന്ത്യ വോട്ട് ചെയ്യുക, ദുരന്ത ബാധിതർക്ക് ട്രൈബ്യൂണൽ സ്ഥാപിച്ച് നഷ്ടപരിഹാരം നൽകുക, ഭൂമിയിലുള്ള എൻഡോസൾഫാൻ അവശിഷ്ടങ്ങൾ നിർവീര്യമാക്കുക, ദുരന്തബാധിതരുടെ വീട്ടിലൊരാൾക്ക് ജോലി നൽകുകയും കടങ്ങൾ എഴുതിത്തള്ളുകയും ചെയ്യുക, തിരുവനന്തപുരത്ത് മോണിറ്ററിങ് സെൽ ആരംഭിക്കുക തുടങ്ങിയ ആവശ്യങ്ങൾ കൺവെൻഷൻ ഉന്നയിച്ചു. ബന്ധങ്ങൾക്ക്: 9847768888

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21. Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail : keraleeyamtcr@rediffmail.com